DESPATCHED
On 05/06/2020
17/3/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.418*(2)/2019*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.4278/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. ജയറാം കെ.എസ്
ജയ നിവാസ്
ചെറിയേല
ആലുംമൂട് പി.ഒ
കൊല്ലം –691 577** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കൃഷി ഡെപ്യൂട്ടി ഡയറക്ടർ (സി)
പ്രിൻസിപ്പൽ കൃഷി ഓഫീസ്
പാലക്കാട്**

2. **അപ്പീൽ അധികാരി ആന്റ്
പ്രിൻസിപ്പൽ കൃഷി ഓഫീസർ
പാലക്കാട്** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.11.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 04.12.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 19.01.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.03.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.03.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.03.2019, 19.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04.04.2019, 28.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.10.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി തൃപ്തികരമല്ലെന്നും, അപൂർണ്ണമാണെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 29.09.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1-ൽ പാലക്കാട് ജില്ലയിലെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർമാരുടെ പരിധിയിൽ എത്ര അഗ്രിക്കൾച്ചറൽ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ടെന്നും ഓഫീസുകളുടെ പേരുകളറിയാൻ താൽപര്യപ്പെടുന്നുവെന്നും, ഇനം 2-ൽ പാലക്കാട് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറുടെ പരിധിയിൽ ഉള്ള എത്ര അഗ്രിക്കൾച്ചറൽ ഓഫീസർമാർക്ക് 01.01.2014 മുതൽ 31.05.2014 വരെയുള്ള കാലയളവിൽ ഔദ്യോഗിക ആവശ്യങ്ങൾക്കോ സ്വന്തം ആവശ്യങ്ങൾക്കോ ഹെഡ്ക്വാർട്ടേഴ്സ് വിടാൻ അനുമതി നൽകിയിട്ടുണ്ടെന്നും ഉണ്ടെങ്കിൽ ആർക്കൊക്കെ അനുമതി നൽകിയിട്ടുണ്ടെന്നും അവരുടെ പേരുവിവരം, ഹെഡ്ക്വാർട്ടേഴ്സ് വിട്ട തിയതി, സമയം, എന്ത് ആവശ്യത്തിന് എന്ന് അറിയണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 02.11.2018 നൽകിയ മറുപടിയിൽ ഇനം 1ന് പാലക്കാട് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറുടെ പരിധിയിൽ 95 കൃഷിഭവനുകൾ പ്രവർത്തിക്കുന്നുവെന്നും ഓഫീസുകളുടെ പേരുവിവരം നൽകുന്നുവെന്നും ഇനം 2 ന് ഉത്തരം ടി ഓഫീസിൽ ലഭ്യമല്ലെന്നുമാണ്.

4. 04.12.2018 ന് ഹർജിക്കാരൻ നൽകിയ അപ്പീൽ അപേക്ഷയിൽ വിവരാവകാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന 2-ാമത്തെ ചോദ്യത്തിന് തൃപ്തികരമായ മറുപടി കിട്ടിയിട്ടില്ലെന്നും വ്യക്തമായ മറുപടി നൽകണമെന്നുമാണ്.

5. 22.01.2019 ന് അപ്പീൽ അധികാരി നൽകിയ മറുപടിയിൽ ഹർജിക്കാരൻ നൽകിയ അപേക്ഷയിലെ 1-ാമത്തെ ചോദ്യത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും 2-ാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നുമാണ്.

6. 04.04.2019 –ാം തീയതി 2–ാം എതിർകക്ഷി നൽകിയ റിപ്പോർട്ടിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയെന്നും തൃപ്തനാകാത്തതിനാൽ അപ്പീൽ നൽകിയതിനും മറുപടി നൽകിയെന്നുമാണ്.

7. 28.10.2019 ന് ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ 2–മത്തെ ചോദ്യത്തിന് എസ്.പി.ഐ.ഒ ലഭ്യമല്ലെന്നും ഒന്നാം അപ്പിൽ അധികാരി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നുമാണ് മറുപടി നൽകിയതെന്നും അപ്പീൽ അധികാരിയിൽ നിന്നും കിട്ടിയ മറുപടിയിൽ ക്ലറിക്കൽ മിസ്റ്റേക്ക് ഉണ്ടായതാണെന്നും ലഭ്യമല്ല എന്നതാണ് ശരിയെന്നും മനപ്പൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി ചെയ്തതല്ലെന്നും മറ്റുമാണ്.

8. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളിൽ 2മത്തെ ചോദ്യത്തിന് എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും രണ്ട് തരത്തിലുള്ള മറുപടി നൽകിയതെന്ന ഹർജിക്കാരന്റെ ആക്ഷേപം കമ്മീഷൻ അംഗീകരിക്കുന്നുവെങ്കിലും ആയത് ക്ലറിക്കൽ മിസ്റ്റേക്ക് കൊണ്ട് സംഭവിച്ച ഒരു വീഴ്ചയാണെന്നും ആവശ്യപ്പെട്ട രേഖകൾ നൽകിയെന്നും 2–ാം എതിർകക്ഷി റിപ്പോർട്ട് നൽകുകയും ആയത് വിശ്വാസത്തിലെടുത്തു കൊണ്ട് ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്നു കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *